പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2482 08.03.2017 ൽ മറുപടിയ്ക്ക്

<u>പി.പി.എസ്തോസ് സ്മാരക മുനിസിപ്പൽ സ്റ്റേഡിയം</u>

ചോദ്യം. ഉത്തരം

ശ്രീ.എൽദോ എബ്രഹാം ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും

യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | മൂവാറ്റുപുഴ പി.പി.എസ്തോസ് സ്മാരക മുനിസിപ്പൽ സ്റ്റേഡിയത്തിൽ കായികതാരങ്ങൾക്ക് നിലവിലുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) | മൂവാറ്റുപുഴ നഗരസഭ വക പി.പി. എസ്തോസ് സ്മാരക മുനിസിപ്പൽ സ്റ്റേഡിയത്തിൽ നിലവിൽ സ്റ്റേഡിയം, പ്ലേഗ്രൗണ്ട് ഓപ്പൺ ഗ്യാലറി എന്നിവയുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. വി.ഐ.പി. പവലിയൻ ടോയ്ലെറ്റ് എന്നിവയുടെ പണി നടന്നുകൊണ്ടിരിക്കുന്നു. |
| ബി) | എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയിൽ കായിക താരങ്ങൾക്ക് പരിശീലനത്തിനും കായികമേളകൾക്കും ഉപയോഗിക്കത്തക്കവിധം സിന്തറ്റിക്ക് ട്രാക്കും സ്പോർട്സ് കോംപ്ലക്സും നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ; | ബി) യും സി) യും | നഗരസഭ വക സ്റ്റേഡിയത്തിൽ സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണം (വി.ഐ.പി. പവലിയൻ) നടന്നു വരികയാണ്. സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| സി) | എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ